**<u>“CORRUPTION, A CRIME AGAINST NATION”</u>**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 19.03.2025

## മലപ്പുറം ജില്ലയിലെ പുൽപ്പറ്റ പഞ്ചായത്ത് ഓഫീസിലും ഫാമിലി ഹെൽത്ത് സെന്ററിലും മിന്നൽ പരിശോധന

മലപ്പുറം ജില്ലയിലെ പുൽപ്പറ്റ പഞ്ചായത്തിലെ ഫാമിലി ഹെൽത്ത് സെന്ററിൽ നടന്ന് വരുന്ന സായാഹ്ന ഒ.പിയിലെ നിയമനങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നുവെന്നും, കോൺട്രാക്ട് പുതുക്കാതെ സായാഹ്ന ഒ.പി ഡോക്ടറെ തൽസ്ഥാനത്ത് തുടരാൻ അനുവദിച്ചുവെന്നും, ഡോക്ടർ, ഫാർമസിസ്റ്റ് തുടങ്ങി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്തിയ എല്ലാ നിയമനങ്ങളിലും പ്രസിഡണ്ടിന്റെ സ്വന്തക്കാരെ നിയമിക്കുന്നുവെന്നും മറ്റുമുള്ള പരാതിയിൽ, മലപ്പുറം വിജിലൻസ് യൂണിറ്റ് ഇന്ന് (19.03.2025) തൃപ്പനച്ചി ഫാമിലി ഹെൽത്ത് സെന്ററിലും, പുൽപറ്റ പഞ്ചായത്ത് ഓഫീസിലും മിന്നൽ പരിശോധന നടത്തി. ഉച്ച കഴിഞ്ഞ് 01:00 മണിക്ക് തുടങ്ങിയ മിന്നൽ പരിശോധന വൈകിട്ട് 04:00 മണിക്ക് അവസാനിച്ചു. മിന്നൽ പരിശോധനയിൽ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നിയമനങ്ങൾ നടത്തിയതെന്ന് പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്. തുടർ നടപടി സ്വീകരിക്കുന്നതാണ്.

## ഡോക്ടറുടെ പ്രൈവറ്റ് പ്രാക്ടീസിൽ വിജിലൻസിന്റെ പ്രാഥമിക അന്വേഷണം

“ഓപ്പറേഷൻ പ്രൈവറ്റ് പ്രാക്ടീസ്” എന്ന പേരിൽ 06.06.2024-ാം തീയതി വിജിലൻസ് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയിൽ, ഇടുക്കി ജില്ലയിലെ ചെമ്പകപ്പാറ പബ്ലിക്ക് ഹെൽത്ത് സെന്ററിലെ അസ്സിസ്റ്റന്റ് സർജൻ ആയി ജോലി നോക്കി വന്നിരുന്ന ഡോക്ടർ, കോട്ടയം നെടുംകുന്നം സ്വകാര്യ ആശുപത്രിയിൽ ഡ്യൂട്ടി സമയം പ്രൈവറ്റ് പ്രാക്ടീസ് നടത്തിയതായി കണ്ടെത്തിയിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ഇയാൾക്കെതിരെ വിജിലൻസ് കോട്ടയം യൂണിറ്റിൽ ഇന്ന് (19.03.2025) ഒരു പ്രാഥമിക അന്വേഷണം രജിസ്റ്റർ ചെയ്തു അന്വേഷണം ആരംഭിച്ചു. ഇയാൾ മുൻപ് പാമ്പാടുംപാറ പബ്ലിക്ക് ഹെൽത്ത് സെന്ററിൽ ബ്ലോക്ക് മെഡിക്കൽ ഓഫീസറായി ജോലി നോക്കി വരവെ കോട്ടയം കറുകച്ചാൽ ഉള്ള ഒരു സ്വകാര്യ ആശുപത്രിയിൽ ഡ്യൂട്ടി സമയം പ്രൈവറ്റ് പ്രാക്ടീസ് നടത്തിയതായി 19.05.2023-ാം തീയതി ഇടുക്കി വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയിരുന്നതും വകുപ്പ് തല നടപടിക്ക് ശുപാർശ ചെയ്യപ്പെട്ടയാളുമാണ്.

## ട്രാപ്പ് കേസിലെ പ്രതികളെ റിമാന്റ് ചെയ്തു ജയിലിൽ അടച്ചു

മാർച്ച് മാസം വിരമിക്കുന്ന എയ്ഡഡ് സ്കൂൾ പ്രഥമ അധ്യപകനെതിരെ, സ്കൂളിലെ ഫണ്ടുകൾ തിരിമറി നടത്തിയതായി വ്യാജ പരാതികൾ അയച്ച്, ഈ പരാതികൾ പിൻവലിക്കുന്നതിലേക്ക് 2 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ട് വാങ്ങിയ പ്രതികളെ എറണാകുളം മധ്യ മേഖല വിജിലൻസ് യൂണിറ്റ്, ഇന്നലെ (18.03.2025) കൈയ്യോടെ പിടികൂടി കേസ് രജിസ്റ്റർ ചെയ്തിരുന്നു. കേസിലെ പ്രതികളായ എറണാകുളം ജില്ലയിലെ എയ്ഡഡ് സ്കൂളിലെ മുൻ പി.ടി.എ എക്സിക്യൂട്ടീവ് മെമ്പറായിരുന്ന പ്രസാദ്, ഇപ്പോഴത്തെ പി.ടി.എ പ്രസിഡണ്ട് ബിജു തങ്കപ്പൻ, പി.ടി.എ എക്സിക്യൂട്ടീവ് മെമ്പർ അല്ലേഷ്, തിരുവനന്തപുരം ആറ്റിങ്ങലിലെ യമഹ ഷോറൂം മാനേജർ രാകേഷ് റോഷൻ എന്നവരെ മൂവാറ്റുപുഴ വിജിലൻസ് കോടതി ഇന്ന് (19.03.2025) 14 ദിവസത്തേക്ക് റിമാന്റ് ചെയ്ത് ജയിലിൽ അടച്ചു.

സർക്കാർ ഓഫീസുകളിൽ കാര്യം സാധിച്ചു കൊടുക്കാമെന്ന് പറഞ്ഞോ സർക്കാർ ഉദ്യോഗസ്ഥർക്ക് കൊടുക്കാനെന്ന് പറഞ്ഞോ പൈസ വാങ്ങുന്നതും, ആവശ്യപ്പെടുന്നതും കൈക്കൂലിയുടെ പരിധിയിൽ വരുന്നതും, ഇത്തരം കാര്യങ്ങൾ പറഞ്ഞ് പൈസ വാങ്ങിയാലോ ആവശ്യപ്പെട്ടാലോ ഭീക്ഷണിപ്പെടുത്തിയാലോ ഉടൻ തന്നെ വിജിലൻസിനെ അറിയിക്കേണ്ടതുമാണ്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.